(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് മലിനീകരണനിയന്ത്രണ ബോർഡിന്റെ ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇതിലൂടെ മലിനീകരണനിയന്ത്രണ ബോർഡിലേക്ക് അനുമതിക്കുള്ള അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ്. അനുമതികൾ ഓൺലൈൻവഴി ലഭിക്കുകയും ചെയ്യും. പ്രസ്തുത സംവിധാനംവഴി 2014 ജൂൺ 15 മുതൽ അനുമതി അപേക്ഷകൾ ഓൺലൈൻവഴി അംഗീകരിച്ചുതുടങ്ങി.

(ബി) പ്രസ്തുതസംവിധാനത്തിലൂടെ അപേക്ഷകന് നേരിട്ട് ബോർഡിലേക്ക് അനുമതി അപേക്ഷകൾ അതിന്റെ പ്രോസസിംഗിന്റെ പുരോഗതി ഓൺലൈൻവഴി മനസ്സിലാക്കാവുന്നതുമാണ്. ബോർഡിന്റെ കൺസെന്റ് മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമവും സുതാര്യവുമാക്കുന്നതിന് ടി സംവിധാനം ഉപകരിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള അധിക വിവരങ്ങൾ തപാൽ മുഖേന അല്ലാതെ ഓൺലൈനായി ചോദിക്കുവാനും ആയതിന്റെ മറുപടി ഓൺലൈനായിത്തന്നെ അപേക്ഷകന് ബോർഡിൽ ലഭ്യമാക്കാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അനുമതി അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കും.

(സി&ഡി) ഇതിലേക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ബോർഡിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുതസംവിധാനം നടപ്പിലാക്കുന്നത്. ജൂൺ 15 മുതൽ പ്രസ്തുത സംവിധാനംവഴി ബോർഡ്, അനുമതി അപേക്ഷകൾ സ്വീകരിച്ചുതുടങ്ങി.

ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനം

79 (6530) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലിനീകരണനിയന്ത്രണ ബോർഡിന്റെ ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് ഓൺ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനങ്ങളും സവിശേഷകതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മലിനീകരണ നിയന്ത്രണരംഗം എത്രമാത്രം ശക്തിപ്പെടുത്താനാണ് പ്രസ്തുതസംവിധാനംവഴി ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനത്തിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനത്തിലൂടെ മലിനീകരണനിയന്ത്രണ ബോർഡിലേക്ക് അനുമതിക്കുള്ള അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ്. ജൂൺ 15 മുതൽ പ്രസ്തുത സംവിധാനംവഴി ബോർഡ് അനുമതി അപേക്ഷകൾ സ്വീകരിച്ചുതുടങ്ങി.

(ബി) പ്രസ്തുത സംവിധാനത്തിലൂടെ അപേക്ഷകന് നേരിട്ട് ബോർഡിലേക്ക് അനുമതി അപേക്ഷകൾ സമർപ്പിക്കാവുന്നതും അതിന്റെ പ്രോസസിംഗിന്റെ പുരോഗതി ഓൺലൈൻവഴി മനസ്സിലാക്കാവുന്നതുമാണ്.

(സി) ബോർഡിന്റെ കൺസെന്റ് മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന് ടി സംവിധാനം ഉപകരിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള അധികവിവരങ്ങൾ തപാൽമുഖേന അല്ലാതെ ഓൺലൈനായി ചോദിക്കുവാനും ആയതിന്റെ മറുപടി ഓൺലൈനായിത്തന്നെ അപേക്ഷകന് ബോർഡിൽ ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അനുമതി അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കും.

(ഡി) ബോർഡിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്. ഇതിലേക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ എന്ന സ്ഥാപനത്തിന്റെ സാങ്കേതികസഹായം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

80 (6531) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ഒഴിവുകളിലേക്ക് നേരിട്ട് നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) മലിനീകരണനിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly